ആലക്കോട് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി കരുവഞ്ചാലിൽ നടത്തിയ പ്രതിഷേധ കൂട്ടായ്മ അഡ്വ. സോണി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.

കോൺഗ്രസ് പ്രതിഷേധ കൂട്ടായ്മ നടത്തി

ആലക്കോട്: യൂത്ത് കോൺഗ്രസ് നേതാവ് ഷുഹൈബിനെ കൊലപ്പെടുത്തിയ മൃഗീയ പ്രതികളെയും അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടും മട്ടന്നൂരിൽ സമരം നടത്തിയ കോൺഗ്രസ് പ്രവർത്തകരെ കള്ളക്കേസിൽ കുടുക്കിയതിൽ പ്രതിഷേധിച്ചും ആലക്കോട് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ആഭിമുഖ്യത്തിൽ കരുവഞ്ചാലിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. ബ്ലോക്ക് പ്രസിഡണ്ട് ദേവസ്യ പാലപ്പുറത്തിന്റെ അധ്യക്ഷതയിൽ കെ.പി. സി.സി എക്സിക്യൂട്ടീവ് അംഗം അഡ്വ. സോണി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. തോമസ് വെക്കത്താനം, ജോസ് വട്ടമല, ജോഷി കണ്ടത്തിൽ, ബേബി ഓടംപള്ളിൽ, ബിജു പുളിയന്തൊട്ടി, അഡ്വ. പി.സുനിൽകുമാർ, സി. മോഹനൻ, ബാബു പള്ളിപ്പുറം, ബിജു ഓരത്തേൽ, വിൻസെന്റ് പല്ലാട്ട്, വർഗീസ് പയ്യമ്പള്ളിൽ, ബെന്നി പീടികയ്ക്കൽ, ജോജി കന്നിക്കാട്ട്, ബിന്ദുബാലൻ പ്രസംഗിച്ചു. ടി.എൻ. ബാലകൃഷ്ണൻ സ്വാഗതം പറഞ്ഞു.

സഹായധനം നൽകി

ശ്രീകണ്ഠപുരം: റിയാദ് ഇസ്ലാമിക് സെന്റർ കമ്മിറ്റി കിഡ്നി- ക്യാൻസർ രോഗികൾക്ക് നൽകുന്ന ചികിത്സാ സഹായം വളക്കൈ ശംസുൽ ഉലമ ഇസ്ലാമിക് സെന്ററിൽ ചേർന്ന ചടങ്ങിൽ ഹുസൈൻ കുപ്പം വിതരണം ചെയ്തു. സത്താർ വളക്കൈ അദ്ധ്യക്ഷത വഹിച്ചു. ഹാരിസ് അസ്അദി, സി മുഹമ്മദ് മാസ്റ്റർ, ബഷീർ തേറളായി, കെ. വി. മമ്മു ഹാജി, സഹൽ അസ്അദി, എം. പി. മുഈനുദ്ദീൻ സംസാരിച്ചു.

ഭാരവാഹികളെ തിരഞ്ഞെടുത്തു

തളിപ്പറമ്പ: ഓണപ്പറമ്പ മൗണ്ട് സീന വിമൻസ് കോളജ് യൂണിയന്റെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. അഫീഫ അള്ളാംകുളം (ചെയർമാൻ), അഷ്മിറ ചുടല (വൈസ് ചെയർമാൻ), സഫീദ പെരുമളാബാദ് (ജനറൽ സെക്രട്ടറി), അൻസബ കണ്ണങ്കൈ (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് ഭാരവാഹികൾ. പ്രിൻസിപ്പാൾ സിദ്ദീഖ് നദ്വി ചേരൂർ, വൈസ് പ്രിൻസിപ്പാൾ മിസ്രിയ വഫിയ്യ കാക്കടവ്, അക്കാദമിക് കോ-ഓർഡിനേറ്റർ മുഫ് ലിഹ വഫിയ്യ ചന്തേര, ശ്രീകല ടീച്ചർ, ഷിന ടീച്ചർ, ശഹർബാനു ടീച്ചർ തെരഞ്ഞെടുപ്പ് നിയന്ത്രിച്ചു.

പി.വി. കൃഷ്ണൻ ചരമദിനം ആചരിച്ചു

തളിപ്പറമ്പ: സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി അംഗം പി.വി. കൃഷ്ണൻ ചരമദിനം സി.ഐ.ടി.യു ഏരിയാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആചരിച്ചു. ഹൈവേയിൽ കെ.ജയരാജൻ പതാക ഉയർത്തി. സി.ഐ.ടി.യു തളിപ്പറമ്പ ഏരിയാ സെക്രട്ടറി കെ.കരുണാകരൻ സ്വാഗതം പറഞ്ഞു. സ്വകാര്യ ബസ്, ഓട്ടോ, ലൈറ്റ് മോട്ടോർ തൊഴിലാളികൾ തളിപ്പറമ്പ് ബസ്സ്റ്റാന്റിൽ പുഷ്പാർച്ചന നടത്തി. പൊതുയോഗത്തിൽ കെ.ജയരാജൻ, കെ.കരുണാകരൻ, എം.ചന്ദ്രൻ, ടി.ആർ.ശിവൻ, പി.ഷെറിത്ത്, കെ.പ്രദീപൻ സംസാരിച്ചു. കെ.വി.രാജൻ സ്വാഗതം പറഞ്ഞു.

യാത്രയയപ്പ് നൽകി

തളിപ്പറമ്പ: 33 വർഷത്തെ സേവനത്തിന് ശേഷം തളിപ്പറമ്പ സർസയ്യിദ് കോളേജിൽ നിന്ന് വിരമിക്കുന്ന ഓഫീസ് അറ്റന്റർ കെ.പി. മുസ്തഫക്ക് കെ.എ.സി.എം.എസ്.എ യൂണിറ്റ് കമ്മിറ്റി യാത്രയയപ്പ് നൽകി. പ്രസിഡണ്ട് കെ. മുഹ്സിന്റെ അധ്യക്ഷതയിൽ നഗരസഭ ചെയർമാൻ മഹമൂദ് അള്ളാംകുളം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് പി. അബ്ദുൾ മജീദ്, ഇഖ്ബാൽ കോയിപ്ര, പ്രൊഫ. എ.കെ. അബ്ദുൾ സലാം, എം. അഹമ്മദ്, സി. മുസ്തഫ, സൈനുൽ ആബിദീൻ, യൂനുസ് ഹൈവേ സംസാരിച്ചു. കെ.പി. മുസ്തഫ മറുപടി പ്രസംഗം നടത്തി. കെ. കെ. മുനീർ സ്വാഗതവും പി.പി. അയ്യൂബ് നന്ദിയും പറഞ്ഞു.

തൊഴിൽരഹിത വേതന വിതരണം

തളിപ്പറമ്പ: നഗരസഭയിലെ തൊഴിൽരഹിത വേതനം നാളെയും മറ്റന്നാളുമായി നഗരസഭാ ഓഫീസിൽ നിന്നും വിതരണം ചെയ്യും. ഗുണഭോക്താക്കൾ ആവശ്യമായ രേഖകളുടെ അസൽ സഹിതം നേരിട്ട് ഹാജരായി വേതനം കൈപ്പറ്റണം.

സർസയ്യിദ് കോളേജിൽ നിന്നും വിരമിക്കുന്ന കെ.പി. മുസ്തഫക്ക് കെ.എ.സി.എം.എസ്.എയുടെ ഉപഹാരം നഗരസഭാ ചെയർമാൻ മഹമൂദ് അള്ളാംകുളം നൽകുന്നു.

വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് യു.പി സ്കൂൾ ആഭിമുഖ്യത്തിൽ പാലക്കയംതട്ടിലേക്ക് സംഘടിപ്പിച്ച മഴ യാത്രയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ.

മഴ നനഞ്ഞ്, അലിഞ്ഞ് വിദ്യാർത്ഥികളുടെ യാത്ര

ആലക്കോട്: പ്രകൃതി രമണീയമായ പാലക്കയം തട്ടിലേക്ക് വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് യു.പി സ്കൂൾ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് നടത്തിയ മഴ യാത്ര ശ്രദ്ധേയമായി. മഴ നനഞ്ഞും കോടമഞ്ഞിൽ അലിഞ്ഞും നടത്തിയ മഴ യാത്ര വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി. നൂറുകണക്കിന് വിദ്യാർത്ഥികൾ യാത്രയിൽ പങ്കാളികളായി. പാലക്കയംതട്ടിന്റെ അടിവാരമായ കോട്ടയംതട്ടിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ വി. എ. റഹിം, തളിപ്പറമ്പ് നോർത്ത് എ.ഇ.ഒ മുസ്തഫ പുളുക്കൂൽ എന്നിവർ ചേർന്ന് മഴയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ഫാ. കുര്യാക്കോസ് കളരിക്കൽ അധ്യക്ഷത വഹിച്ചു. എം.എം. ഷനീഷ്, ഫാ. വർഗീസ് വെട്ടിയാനിക്കൽ, ഫാ. ജോൺ പൊന്നമ്പേൽ പ്രസംഗിച്ചു. ഹെഡ്മാസ്റ്റർ ജേക്കബ് അഗസ്റ്റിൻ സ്വാഗതവും പ്രകാശ് കുമാർ പുത്തേട്ട് നന്ദിയും പറഞ്ഞു. ജോസഫ് വർഗീസ്, എൽസമ്മ ജോർജ്, ടിജോ മാത്യു, ബിജു. ടി. തോമസ്, ജോൾഡ ജോസ്, ഡെയ്സമ്മ ഫിലിപ്പ്, വൽസമ്മ കുര്യൻ, ജിഷ ജോസ്, രാഖി സെബാസ്റ്റ്യൻ, ദീപ്തി ആന്റണി, ടി.ജെ. തോമസ്, സി.ആർ. ഗ്രീഷ്മ, മോളി തോമസ് നേതൃത്വം നൽകി. പ്രകൃതിയെയും മഴയെയും അടുത്തറിയുന്നതിനായാണ് യാത്ര സംഘടിപ്പിച്ചത്. ആടിയും പാടിയും നൃത്തം ചെയ്തുമാണ് മഴയാത്ര പാലക്കയംതട്ടിലെത്തിയത്. തുടർന്ന് വിദ്യാർത്ഥി കൂട്ടായ്മ നേതൃത്വത്തിൽ പാലക്കയംതട്ട് ശുചീകരിക്കുകയും ചെയ്തു.

പ്രഥമ പി.പി.സീമ എൻഡോവ്മെന്റ് അഭിനവ് ഉല്ലാസിന് ബക്കളം ദാമോദരൻ നൽകുന്നു.

സഹപാഠിയുടെ ഓർമ്മ പുതുക്കാൻ കലാലയ മുറ്റത്ത് സതീർത്ഥ്യരുടെ ഒത്തുചേരൽ

പരശിനിക്കടവ്: അകാലത്തിൽ പൊലിഞ്ഞ സഹപാഠിയുടെ ഓർമ്മ പുതുക്കുന്നതിനായി പരശിനിക്കടവ് ഹൈസ്കൂൾ 1986 എസ്.എസ്.എൽ.സി ബാച്ചിലെ സതീർത്ഥ്യർ വീണ്ടും ഒത്തുചേർന്നു. വിസ്മയപാർക്ക് ചെയർമാൻ പി. വാസുദേവന്റെ മകൾ കൂടിയായ പരശിനിക്കടവിലെ പി.പി. സീമയുടെ ഓർമ്മ പുതുക്കാനാണ് സതീർത്ഥ്യർ വീണ്ടും കലാലയമുറ്റത്ത് ഒത്തുകൂടിയത്. മുന്ന് പതിറ്റാണ്ടിന് ശേഷം 2016 ആഗസ്തിൽ പരശിനിക്കടവ് ഹൈസ്കൂളിൽ സംഘടിപ്പിച്ച 'ഒരുവട്ടം കൂടി- സ്നേഹസംഗമം' എന്ന പൂർവ്വ വിദ്യാർത്ഥി സംഗമത്തിന്റെ സംഘാടക സമിതി അധ്യക്ഷയായിരുന്നു സീമ. സംഗമത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയുടെ പ്രവർത്തനം പുരോഗമിക്കുന്നതിനിടെയാണ് രംഗബോധമില്ലാതെയെത്തിയ മരണം സീമയെ തട്ടിയെടുത്തത്. സീമയുടെ ഓർമ്മ നിലനിർത്താൻ എൻഡോവ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. അനുസ്മരണ സമ്മേളനം എഴുത്തുകാരൻ ബക്കളം ദാമോദരൻ ഉദ്ഘാടനം ചെയ്തു. സി. മധുസൂദനൻ കടമ്പേരി അധ്യക്ഷനായിരുന്നു. സി. നാരായണൻ, കെ. വി. കൃഷ്ണൻ സംസാരിച്ചു. ആന്തൂർ നഗരസഭ കൗൺസിലർ പി.കെ. മുജീബ് റഹ്മാൻ സ്വാഗതവും കെ. വി. സുനിൽകുമാർ നന്ദിയും പറഞ്ഞു. ക്ലേമോഡലിംഗിൽ സംസ്ഥാന തലത്തിൽ ഒന്നാംസ്ഥാനത്തിന് അർഹനായ പരശിനിക്കടവിലെ അഭിനവ് ഉല്ലാസിന് പ്രഥമ പി.പി. സീമ എൻഡോവ്മെന്റ് ചടങ്ങിൽ വിതരണം ചെയ്തു. സി.സി ജനറൽ സെക്രട്ടറി കെ. ബാലകൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ഉന്നത വിജയികളെ പഞ്ചായത്ത് പ്രസിഡണ്ട് വി.കെ. ലളിതാദേവി ടീച്ചർ ആദരിച്ചു. മനോഹരൻ ചാല മുഖ്യപ്രഭാഷണം നടത്തി. എൻ. രാമകൃഷ്ണൻ, ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് ടി.കെ. അജിത്ത്, ഷമ്മി യാസ്, മഹമൂദ് സംസാരിച്ചു.

പെരിന്തലേരി സ്കൂൾ സ്മാർട്ട് ക്ലാസ് മുറി കെ.സി ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

സ്മാർട്ട് ക്ലാസ് റൂം ഉദ്ഘാടനം ചെയ്തു

ശ്രീകണ്ഠാപുരം: പെരിന്തലേരി എ.യു.പി. സ്കൂളിന് കെ.സി.ജോസഫ് എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്മാർട്ട് ക്ലാസ് റൂം ഉദ്ഘാടനം ചെയ്തു. യു. പി. തലത്തിൽ കൂടി സ്മാർട്ട് ക്ലാസ് റൂം വ്യാപിപ്പിക്കുന്നതിന് വേണ്ടി രണ്ട് ലക്ഷം രൂപ കൂടി എം. എൽ. എ. വാഗ്ദാനം ചെയ്തു. ചെങ്ങളായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ. കെ.രത്നകുമാരി അധ്യക്ഷത വഹിച്ചു. ഇരിക്കൂർ ഉപജില്ലാ ഓഫീസർ ടി. പി. ശ്രീജൻ മുഖ്യാഥിയായിരുന്നു. ചെങ്ങളായി പഞ്ചായത്ത് അംഗം പി. ദിനേശൻ മാസ്റ്റർ, എ.കെ. ഭാസ്കരൻ നമ്പ്യാർ, കെ.കെ. രഘുനാഥൻ മാസ്റ്റർ, പി. ശശീന്ദ്രൻ, അരവിന്ദാക്ഷൻ മാസ്റ്റർ, കെ.മധു, പി. രജനി, എ.കെ. വിനോദ്കുമാർ സംസാരിച്ചു. പ്രധാനധ്യാപിക പി.സി. മറിയാമ്മ സ്വാഗതവും കെ.ഒ. ആനന്ദവല്ലി നന്ദിയും പറഞ്ഞു.

പരിയാരത്ത് ബി.ഫാം, ഫാം ഡി ക്ലാസ് ആറിന് തുടങ്ങും

കണ്ണൂർ: പരിയാരം മെഡിക്കൽ കോളേജിന് കീഴിലുള്ള ഫാർമസി കോളേജിൽ 2018-19 അധ്യയന വർഷത്തെ ബി.ഫാം, ഫാം. ഡി ക്ലാസുകൾ ആറിന് തുടങ്ങും. ആദ്യദിനത്തിൽ മെഡിക്കൽ കോളേജിലെ മെഡിക്കൽ എഡ്യൂക്കേഷൻ ഹാളിൽ കോഴ്സ് സംബന്ധിച്ച അവലോകനവും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കും. പ്രവേശനം നേടിയവിദ്യാർത്ഥികൾ അന്നേ ദിവസം രാവിലെ 10 മണിക്ക് മുമ്പ് റിപ്പോർട്ട് ചെയ്യണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

നഗരസഭ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പ്രകാശനം നാലിന്

തളിപ്പറമ്പ: നഗരസഭ പരിധിയിലെ മുഴുവൻ വാർഡുകളിലും ജനപങ്കാളിത്തത്തോടെ വിവര ശേഖരണം നടത്തി തയ്യാറാക്കിയ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ പ്രകാശനം നാലിന് നടക്കുമെന്ന് നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മദ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. വൈകുന്നേരം മൂന്ന് മണിക്ക് ടൗൺ സ്ക്വയറിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പ്രകാശനം ചെയ്യും. നഗരപ്രദേശത്തെ ജൈവവൈവിധ്യങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുക എന്നതാണ്. രജിസ്റ്ററിന്റെ ലക്ഷ്യം ജൈവവൈവിധ്യത്തിന്റെ സംരക്ഷണം ഉറപ്പ് വരുത്താൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി) പ്രവർത്തിച്ചുവരുന്നുണ്ട്. ശിൽപ്പശാല, വിവരശേഖരണം, നാട്ടറിവ് ശേഖരണം, വിവരം ക്രോഡീകരണം എന്നിവയിലൂടെയാണ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. ഏഴ് മാസം കൊണ്ട് ഘട്ടം ഘട്ടമായാണ് തയ്യാറാക്കിയത്. സർസയ്യിദ് കോളേജ് ഫോറസ്ട്രി വിഭാഗം വിദ്യാർത്ഥികളും രജിസ്റ്റർ തയ്യാറാക്കുന്നതിൽ പങ്കാളികളായി. മുഹമ്മദ് കീത്തേടത്താണ് കോ-ഓർഡിനേറ്റർ. നഗരസഭ പരിധിയിലെ 200ഓളം ഔഷധ സസ്യങ്ങൾ, വിവിധയിനം മരങ്ങൾ, കുളങ്ങൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. മരങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും ശാസ്ത്രീയ നാമമടക്കം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യർ, നാട്ടറിവുള്ളവർ, പ്രായമുള്ളവർ എന്നിവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു.

പ്രകാശന ചടങ്ങിൽ ജയിംസ്മാത്യു എം.എൽ.എ അധ്യക്ഷത വഹിക്കും. മുഹമ്മദ് കീത്തേടത്ത് റിപ്പോർട്ട് അവതരിപ്പിക്കും. വൈസ് ചെയർപേഴ്സൺ വൽസലാ പ്രഭാകരൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ബി. മുഹമ്മദ് ഇഖ്ബാൽ, രജനി രമാനന്ദ്, സി. കോമത്ത് മുരളീധരൻ, കെ. വൽസരാജൻ, കെ. നിമിഷ, നഗരസഭ സെക്രട്ടറി കെ. അഭിലാഷ്, ബയോ ഡൈവേർസിറ്റി ജില്ലാ കോ-ഓർഡിനേറ്റർ വി.സി. ബാലകൃഷ്ണൻ, സർസയ്യിദ് കോളേജ് ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ് എച്ച്.ഒ.ഡി മാലിക് ഫാസിൽ, എം.ടി. സനേഷ് സംസാരിക്കും. ചെയർമാൻ അള്ളാംകുളം മഹമ്മദ് സ്വാഗതവും ലൈബ്രേറിയൻ വി.വി. വിജയൻ നന്ദിയും പറയും.

ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണത്തിന് നേതൃത്വം വഹിച്ച മുഹമ്മദ് കീത്തേടത്ത്, മാലിക് ഫാസിൽ, എം.ടി. സനേഷ്, പ്രസീദ പ്രഭാകരൻ, എം.പി. ജിഷ എന്നിവർക്ക് ചടങ്ങിൽ ഉപഹാരം നൽകും.

വാർത്താ സമ്മേളനത്തിൽ വൽസലാ പ്രഭാകരൻ, കെ. അഭിലാഷ്, മുഹമ്മദ് കീത്തേടത്ത്, വി.വി. വിജയൻ സംബന്ധിച്ചു.

കർഷക ജാഥക്ക് നാളെ സ്വീകരണം

ആലക്കോട്: കേന്ദ്ര സർക്കാരിന്റെ ജനദ്രോഹനയങ്ങൾക്കെതിരെ ഒന്നിനു നടക്കുന്ന അഖിലേന്ത്യ പ്രക്ഷോഭത്തിന്റെ പ്രചാരണാർത്ഥമുള്ള കർഷക സംഘം വാഹനജാഥക്ക് നാളെ രാവിലെ 11ന് ആലക്കോടും 12 മണിക്ക് കരുവഞ്ചാലും സ്വീകരണം നൽകും.

പെൻഷനേഴ്സ് യൂണിയൻ കൺവെൻഷൻ

ശ്രീകണ്ഠാപുരം: കേരളാ സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ ശ്രീകണ്ഠപുരം യൂണിറ്റ് കൺവെൻഷൻ നടത്തി. ഇരിക്കൂർ ബ്ലോക്ക് പ്രസിഡന്റ് കെ.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് എം.സി.തോമസ് അധ്യക്ഷത വഹിച്ചു. ജൈവകൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് ശ്രീകണ്ഠപുരം അസിസ്റ്റന്റ് കൃഷി ഓഫീസർ എം.ടി.രമേശൻ ക്ലാസെടുത്തു. കെ.പത്മനാഭൻ, കെ.ടി. കുത്രിക്കുട്ടി, കെ.പി.മുകുന്ദൻ, കെ.പി.തങ്കമണി, എം.ബാലൻ, പി.കെ.ദാമോദരൻ സംസാരിച്ചു.

എസ്.ഐ. സത്യലാലിന് യാത്രയയപ്പ് നൽകി

ശ്രീകണ്ഠപുരം: പയ്യാവൂർ പൊലീസ് സ്റ്റേഷനിൽ നിന്നും വിരമിക്കുന്ന എസ്.ഐ സത്യലാലിന് യാത്രയയപ്പ് നൽകി. യാത്രയയപ്പ് സമ്മേളനം ശ്രീകണ്ഠപുരം സർക്കിൾ ഇൻസ്പെക്ടർ വി.വി ലതീഷ് ഉദ്ഘാടനം ചെയ്തു. എസ്.ഐ ജോൺസൺ അധ്യക്ഷത വഹിച്ചു. എസ് ഐമാരായ കെ. വി രഘുനാഥ്, എ.കുഞ്ഞിക്കണ്ണൻ, ബാലകൃഷ്ണൻ, ബാബു തോമസ്, സത്യലാൽ, വനിതാ സി.പി.ഒ പുഷ്പ, സീനിയർ സി പി ഒ മാരായ പ്രകാശൻ, സദാനന്ദൻ സംസാരിച്ചു. കെ. പ്രസാദ് സ്വാഗതവും സജീഷ് നന്ദിയും പറഞ്ഞു.

പയ്യാവൂർ സ്റ്റേഷനിൽ നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ സി.ഐ വി.വി ലതീഷ് എസ് ഐ സത്യലാലിന് ഉപഹാരം നൽകുന്നു.

അസംഘടിത തൊഴിലാളികളോടുള്ള വിവേചനം അവസാനിപ്പിക്കണമെന്ന്

തളിപ്പറമ്പ: വളപട്ടണം മേഖലയിലെ മര, പ്ലൈവുഡ് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളോടുള്ള വിവേചനം അവസാനിപ്പിക്കാൻ അധികൃതർ മുൻകയ്യെടുക്കണമെന്ന് എ.ഐ.യു.ഡബ്ല്യു.സി ജില്ലാ പ്രസിഡണ്ട് നൗഷാദ് ബ്ലാത്തൂർ ആവശ്യപ്പെട്ടു. ഓൾഇന്ത്യ അസംഘടിത തൊഴിലാളി വളപട്ടണം മണ്ഡലം പ്രസിഡണ്ട് നിയാസിന്റെ സ്ഥാനാരോഹണ ചടങ്ങും തൊഴിൽ സംരക്ഷണ കൺവെൻഷനും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. മണ്ഡലം പ്രസിഡണ്ട് പി.പി. സിദിഖ് അധ്യക്ഷത വഹിച്ചു. മെമ്പർഷിപ്പ് വിതരണം ഡി.

എ.ഐ.യു.ഡബ്ല്യു.സി വളപട്ടണം മണ്ഡലം കൺവെൻഷൻ ജില്ലാ പ്രസിഡണ്ട് നൗഷാദ് ബ്ലാത്തൂർ ഉദ്ഘാടനം ചെയ്യുന്നു.

ബി.കെ.എം.യു മണ്ഡലം സമ്മേളനം അഞ്ചിന്

തളിപ്പറമ്പ: ഭാരതിയ കേദ് മസ്ദൂർ യൂണിയൻ (എ.ഐ.ടി.യു.സി) തളിപ്പറമ്പ് മണ്ഡലം സമ്മേളനം അഞ്ചിന് രാവിലെ 10 മണിക്ക് ചപ്പാരപ്പടവ് പള്ളിപ്രം ബാലൻ നഗറിൽ നടക്കും.

ജില്ലാ സെക്രട്ടറി കെ.വി. ബാബു ഉദ്ഘാടനം ചെയ്യും. മണ്ഡലം പ്രസിഡണ്ട് എം.വി.ഗോവിന്ദൻ അധ്യക്ഷത വഹിക്കും. ജില്ലാ പ്രസിഡണ്ട് പി.വി.ബാബു രാജേന്ദ്രൻ, സി.പി.ഐ മണ്ഡലം കമ്മിറ്റിയംഗം എ.ആർ.സി.നായർ, പി.വി.ബാബു, പി.പി.ബാലകൃഷ്ണൻ, പി.വി.സണ്ണി, എം.രഘുനാഥ് സംസാരിക്കും. പി.വി.മുകുന്ദൻ സ്വാഗതം പറയും.

വീട് വാടകക്ക്
തളിപ്പറമ്പ് കുപ്പം ബസ്സ്റ്റോപ്പിന് സമീപം വീട് വാടകക്ക്. വാടക: 5000/-
8848898663

അലുമിനിയം ലേബർ കോൺട്രാക്ട് അസോസിയേഷൻ (അൽക്ക) ആലക്കോട് മേഖലാ പ്രസിഡണ്ട് കെ.ആർ.രഞ്ജിത്ത്, സെക്രട്ടറി പി.കെ.ബിനോ, ട്രഷറർ ബിനീഷ് രാജ്

BEFORE THE HON'BLE MOTOR ACCIDENT CLAIMS TRIBUNAL, TALIPARAMBA

OP(MV) No. 330/2017

Vilasini - Petitioner
Mahroof K.P. and others - Respondents

Rethan, S/o. Manik Berman, aged 25 years, Jalpaigur, Birpara, West Bengal (Driver of scooter KL 13 S 1712) } 2nd Respondent

In the above OP(MV) petition the Hon'ble Tribunal has ordered substituted service of summons against the respondent No. 2 and the case stands posted to 10-8-2018 and if the respondent No. 2 fail to appear before this Hon'ble Tribunal at 11.am. on the same date the case will be disposed off setting respondent No.2 as exparte.

M.J. Sebastian
Advocate for the petitioner.

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്
സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ
പുക്കോത്ത്നട | തളിപ്പറമ്പ
ആലക്കോട് റോഡ് | മന്ന, തളിപ്പറമ്പ
Ph: 9446774253, Mob: 9961664253
പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

അഡ്മിഷൻ
MBA
TOP COLLEGES IN
BANGALORE
MANGALORE
COIMBATORE
Contact:
9738588853
9739588853